REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിങ് ഓഫീസർമാരുടെയും ഇരുപത്തിയെട്ടാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **46-ാമത് സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണത്തിന് ഇന്ന് തുടക്കമാകും.**
- **64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് കൊടിയേറിയതോടെ തൃശൂർ നഗരം കൗമാര കലയുടെ പൂരാവേശത്തിൽ. 250 പോയിന്റുമായി കണ്ണൂർ ഒന്നാം സ്ഥാനത്ത്.**
- **ഇന്ന് പാലിയേറ്റീവ് കെയർ ദിനം.**
- **ഇന്ത്യ - ന്യൂസിലാൻഡ് മൂന്നു മത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ന്യൂസിലാൻഡ്, ഇന്ത്യയെ ഏഴ് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിങ് ഓഫീസർമാരുടെയും ഇരുപത്തിയെട്ടാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ലോക്സഭാ സ്പീക്കർ ഓംബിർള സമ്മേളനത്തിൽ അധ്യക്ഷനാകും.

ഡെസ്ക് റിപ്പോർട്ട്. ..

........വോയ്സ്.....

42 കോമൺവെൽത്ത് രാജ്യങ്ങളിലെയും നാല് അർദ്ധ സ്വയംഭരണ പാർലമെന്റുകളിലെയും 61 സ്പീക്കർമാരും പ്രിസീഡിംഗ് ഓഫീസർമാരുമാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ശക്തമായ ജനാധിപത്യ സ്ഥാപനങ്ങൾ നിലനിർത്തുന്നതിൽ സ്പീക്കർമാരുടെയും പ്രിസീഡിംഗ് ഓഫീസർമാരുടെയും പങ്ക് ഉൾപ്പെടെ സമകാലിക പാർലമെന്ററി വിഷയങ്ങളെക്കുറിച്ച് സമ്മേളനം വിപുലമായി ചർച്ച ചെയ്യും. പാർലമെന്ററി പ്രവർത്തനങ്ങളിൽ നിർമ്മിത ബുദ്ധിയുടെ ഉപയോഗം, പാർലമെന്റ് അംഗങ്ങളിൽ സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം, പാർലമെന്ററി പ്രവർത്തനങ്ങളെ കുറിച്ച് പൊതുജനങ്ങളിൽ ധാരണ വളർത്തുന്നതിന് നൂതന തന്ത്രങ്ങൾ, വോട്ടിംഗിന് അപ്പുറം പൗരന്മാരുടെ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്യും.

സമ്മേളനത്തിന്റെ സ്റ്റാൻഡിങ് കമ്മിറ്റി യോഗം ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ ചേർന്നു. കൂടുതൽ ശക്തവും ഫലപ്രദവുമായ പാർലമെന്ററി ജനാധിപത്യ രാജ്യങ്ങളെ പിന്തുണയ്ക്കുന്നതിന് സംഭാഷണം, നൂതനാശയം, സഹകരണം എന്നിവ മുന്നോട്ട് കൊണ്ടുപോകാൻ സുപ്രധാന ആഗോള വേദിയായി 28-ാമത് കോമൺവെൽത്ത് സമ്മേളനം മാറുമെന്ന് ഓം ബിർള സമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ജാപ്പനീസ് വിദേശകാര്യ മന്ത്രി തോഷിമിറ്റ്സു മൊതേഗി മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് ന്യൂഡൽഹിയിലെത്തും. നാളെ അദ്ദേഹം ഹൈദരാബാദ് ഹൗസിൽ വിദേശകാര്യ മന്ത്രി ഡോ. S. ജയ്ശങ്കറുമായി കൂടിക്കാഴ്ച നടത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ശനിയാഴ്ച രാജ്ഘട്ടിൽ പുഷ്പചക്രം അർപ്പിക്കുന്ന ജപ്പാൻ വിദേശകാര്യമന്ത്രി ഡൽഹി മെട്രോ സന്ദർശിച്ച ശേഷം ജപ്പാനിലേക്ക് തിരിക്കും.

ഈ വർഷം ആദ്യം ദക്ഷിണാഫ്രിക്കയിൽ സംഘടിപ്പിച്ച ജി-20 നേതാക്കളുടെ ഉച്ചകോടിക്കിടെ ജോഹന്നാസ്ബർഗിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജാപ്പനീസ് പ്രധാനമന്ത്രി സനേ തകായിച്ചിയും കൂടിക്കാഴ്ച നടത്തിയതിന് പിന്നാലെയാണ് സന്ദർശനം.

✪✪✪

വിദേശ കാര്യമന്ത്രി ഡോ. എസ് ജയശങ്കർ ഇറാൻ വിദേശ കാര്യമന്ത്രി സൈദ് അബ്ബാസ് അരാഗച്ചിയുമായി ടെലഫോൺ സംഭാഷണം നടത്തി. ഇറാനിലെ നിലവിലെ സ്ഥിതിഗതികൾ ചർച്ച ചെയ്തതായി ഡോ. ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇറാനിൽ പ്രതിഷേധ സമരത്തിൽ ഇത് വരെ 3,428 പേർ കൊല്ലപ്പെട്ടതായി അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടന അറിയിച്ചു. 10,000 പേർ ഇതുവരെ

അറസ്റ്റിലായി. സംഘർഷാവസ്ഥ കണക്കിലെടുത്ത് എത്രയും പെട്ടെന്ന് ഇറാൻ വിടാൻ ഇന്ത്യൻ പൗരന്മാരോട് ഇറാനിലെ ഇന്ത്യൻ എംബസി ആവശ്യപ്പെട്ടു.

✪✪✪

ജമ്മുവിൽ സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യാനും മേഖലയിലെ ഭീകരവിരുദ്ധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താനും കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹന്റെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. ഇന്റലിജൻസ് ബ്യൂറോ ഡയറക്ടർ തപൻ ദേകയും അതിർത്തി സുരക്ഷാസേനയുടെയും CRPFന്റെയും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

ജമ്മു മേഖലയിലെ ഉയർന്ന പ്രദേശങ്ങളിലേയും വനമേഖലയിലേയും ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ സുരക്ഷാ ഉദ്യോഗസ്ഥർ ആഭ്യന്തര സെക്രട്ടറിയെ അറിയിച്ചു. രണ്ട് വർഷത്തിനിടെ മേഖലയിലേക്ക് നുഴഞ്ഞുകയറിയ ചില പാകിസ്ഥാൻ പൗരന്മാരടക്കം മുപ്പതിലേറെ ഭീകരർ ഈ പ്രദേശങ്ങളിൽ ഒളിവിൽ കഴിയുന്നതായി കരുതുന്നുവെന്ന് അവർ വ്യക്തമാക്കി. അന്താരാഷ്ട്ര അതിർത്തിയിലും നിയന്ത്രണ രേഖയിലും ഈയിടെയുണ്ടായ ഡ്രോണുകളുടെ വർധനയും യോഗം അവലോകനം ചെയ്തു.

✪✪✪

കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിങിന്റെ ഇസ്രായേൽ സന്ദർശനം തുടരുന്നു. ഇസ്രായേൽ കൃഷി മന്ത്രി അവി ഡിച്ചറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ഇസ്രയേലും തമ്മിലെ വ്യാവസായിക ബന്ധം സംയോജിത പ്രവർത്തനത്തിലൂടെ ശക്തിപ്പെടുത്തുന്നതിന്റെയും, ഗവേഷണ പ്രവർത്തങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെയും പ്രാധാന്യം കൂടിക്കാഴ്ചയിൽ ചർച്ചാ വിഷയമായി.

✪✪✪

സായുധ സേനാ വെറ്ററൻസ് ദിനാചരണത്തോടനുബന്ധിച്ച് ഇന്നലെ കൊച്ചി നാവികാസ്ഥാനത്തെ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിക്കൽ ചടങ്ങ് സംഘടിപ്പിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ചടങ്ങിൽ മുഖ്യാതിഥിയായി. ദക്ഷിണ നാവികസേനാ കമാൻഡ് ഫ്ലാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേനയുടേയും മറ്റ് വിശിഷ്ട വ്യക്തികളുടേയും സാന്നിധ്യത്തിൽ അദ്ദേഹം യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

പുഷ്പചക്രം അർപ്പിക്കൽ ചടങ്ങിന് ശേഷം, വിമുക്തഭടന്മാരുടെ ഒത്തുചേരലും കേന്ദ്രസഹമന്ത്രിയുമായി സംവാദവും സംഘടിപ്പിച്ചു.

✪✪✪

46-ാമത് സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണത്തിന് ഇന്ന് തുടക്കമാകും. സംസ്ഥാനത്തിന്റെ വികസനം സഹകരണ മേഖലയിലൂടെ എന്നതാണ് പ്രമേയം. 9000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യം. ഫെബ്രുവരി 25 വരെ നടത്തുന്ന സമാഹരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം കോട്ടയം പാമ്പാടിയിൽ മന്ത്രി വി എൻ വാസവൻ വൈകിട്ട് നിർവഹിക്കും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് സംസ്ഥാനത്തെ CPIM-ന്റെ ഗൃഹസന്ദർശന പരിപാടിക്ക് തുടക്കമായി. സംസ്ഥാന ഗവൺമെന്റിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ഗൃഹസന്ദർശന പരിപാടിയുടെ ലക്ഷ്യം. ഒരാഴ്ച എല്ലാ വീടുകളും കയറി ജനങ്ങളുമായി തുറന്ന സംവാദം നടത്താനാണ് സംസ്ഥാന നേതൃത്വം കീഴ് ഘടകങ്ങൾക്ക് നിർദേശം നൽകിയത്. പാർട്ടിക്കും മുന്നണിക്കും എതിരായ സാമൂഹിക മാധ്യമ പ്രചാരണങ്ങളെ നേരിടാനും പ്രവർത്തകർക്ക് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

CPIM കേന്ദ്രകമ്മിറ്റി യോഗം നാളെ മുതൽ തിരുവനന്തപുരം EMS അക്കാദമിയിൽ ചേരും. നിയമസഭാ തെരഞ്ഞെടുപ്പ് അടക്കം വിഷയങ്ങൾ ചർച്ച ചെയ്യാനാണ് കേന്ദ്രകമ്മിറ്റി ചേരുന്നത്. ഞായറാഴ്ച യോഗം സമാപിക്കും.

✪✪✪

സമൂഹത്തിൽ ഒരാളുടെ ഇടം ഇല്ലാതാക്കാൻ CPIM ശ്രമിച്ചാൽ അവരുടെ ഇടം 100 മടങ്ങ് ഇല്ലാതാകുമെന്ന് CPIM വിട്ട് കോൺഗ്രസിൽ ചേർന്ന മുൻ MLA പി. അയിഷപോറ്റി പറഞ്ഞു. കേരള പ്രദേശ് ഗാന്ധിദർശൻ വേദിയുടെ ജില്ലാ പ്രവർത്തക സമ്മേളനം കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. സ്വതന്ത്രമായി ജനങ്ങൾക്കൊപ്പം പ്രവർത്തിക്കാൻ കഴിയുന്ന ഇടമാണ് ദേശീയ പ്രസ്ഥാനമായ കോൺഗ്രസിൽ ലഭിക്കുന്നതെന്ന് അവർ പറഞ്ഞു.

✪✪✪

മുൻ മന്ത്രിയും കേരള കോൺഗ്രസ് എം ചെയർമാനുമായിരുന്ന കെ എം മാണിയുടെ സ്മരണയ്ക്ക് KM മാണി മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ എന്ന പേരിൽ തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥലം അനുവദിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

വെള്ളയമ്പലത്ത് വാട്ടർ അതോറിറ്റിയുടെ 25 സെന്റ് ഭൂമി 30 വർഷത്തേക്ക് പാട്ടത്തിന് നൽകാനാണ് തീരുമാനം.

✪✪✪

ജനുവരി 18ന് തിരുനാവായയിൽ ആരംഭിക്കാനിരുന്ന കേരള കുംഭമേളയുമായി ബന്ധപ്പെട്ട് ഭാരതപ്പുഴയിലെ നിർമ്മാണ പ്രവർത്തികൾ സംസ്ഥാന ഗവൺമെന്റ് തടഞ്ഞു. 'ദക്ഷിണേന്ത്യയുടെ കുംഭമേള' എന്നപേരിൽ ജുന അഘാഡ സംഘടിപ്പിക്കുന്ന തിരുനാവായ "മഹാമാഘ മഹോത്സവ' ത്തിനാണ് സംസ്ഥാന റവന്യൂ വകുപ്പ് അനുമതി നിഷേധിച്ചത്.

ഗവൺമെന്റ് അനുമതിയില്ലാതെ ഭാരതപ്പുഴയിൽ  പാലം നിർമ്മാണവും മറ്റും അനുവദിക്കില്ലെന്ന പൊലീസ് റിപ്പോർട്ടിന്റ അടിസ്ഥാനത്തിലാണ് നടപടിയെന്നും റവന്യു വകുപ്പ് വ്യക്തമാക്കി.

✪✪✪

64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് കൊടിയേറിയതോടെ തൃശൂർ നഗരം കൗമാര കലയുടെ പൂരാവേശത്തിലായി. വാശിയേറിയ മത്സരങ്ങൾക്കാണ് ആദ്യദിനം സാക്ഷ്യംവഹിച്ചത്.  ജില്ലകൾ തമ്മിലെ ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ  250 പോയിന്റുമായി കണ്ണൂരാണ് ഒന്നാം സ്ഥാനത്ത്. 248 പോയിന്റുമായി കോഴിക്കോട് രണ്ടാംസ്ഥാനത്താണ്.  246 പോയിന്റുമായി ആതിഥേയരായ തൃശൂർ മൂന്നാമതുണ്ട്.

ഡെസ്ക് റിപ്പോർട്ട്.

.........വോയ്സ്........

തേക്കിൻകാട് മൈതാനത്തെ പ്രധാന വേദിയായ സൂര്യകാന്തിയിൽ ഉദ്ഘാടനത്തിന് ശേഷം ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ മോഹിനിയാട്ട മത്സരത്തോടെയാണ് കലോത്സവ മത്സരങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് ഹൈസ്കൂൾ വിഭാഗം ആൺകുട്ടികളുടെ ഭരതനാട്യം, ചാക്യാർകൂത്ത്, മാപ്പിളപ്പാട്ട് തുടങ്ങി വിവിധയിനങ്ങൾ വ്യത്യസ്ത വേദികളിലായി അരങ്ങേറി.

ഇന്ന് രാവിലെ 9.30ന് മുഖ്യവേദിയായ തേക്കിൻകാട് മൈതാനത്ത് ഹയർസെക്കന്ററി വിഭാഗം ആൺകുട്ടികളുടെ ഭരതനാട്യ മത്സരത്തോടെ അരങ്ങുണരും. ഹയർസെക്കന്ററി വിഭാഗം തിരുവാതിരക്കളി മത്സരവും ഉച്ചകഴിഞ്ഞ് ഒന്നാംവേദിയിൽ നടത്തും. ഹയർസെക്കന്ററി  പെൺകുട്ടികളുടെ നാടോടിനൃത്തം, ഹൈസ്കൂൾ വിഭാഗം ഒപ്പന, ഹൈസ്കൂൾ വിദ്യാർഥികളുടെ മിമിക്രി, നാടകം തുടങ്ങിയ ജനപ്രിയ ഇനങ്ങളും രണ്ടാംദിനമായ ഇന്ന് വേദികളിലെത്തും.

✪✪✪

ഇന്ന് പാലിയേറ്റീവ് കെയർ ദിനം. കിടപ്പിലായവർക്ക് സാമൂഹ്യപരിചരണം ഉറപ്പാക്കാനും ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം പകരാനും ലക്ഷ്യമിട്ടാണ് ജനുവരി 15 പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുന്നത്. ദിനാചരണത്തിന്റെ ഭാഗമായി ജില്ലകളിൽ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികളും ധനസമാഹരണവും നടത്തും.

കോഴിക്കോട് ജില്ലയിൽ ഇന്നുമുതൽ 22 വരെ പാലിയേറ്റീവ് വാരാഘോഷത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

ഇന്ത്യ - ന്യൂസിലാൻഡ് മൂന്നു മത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്നലെ ന്യൂസിലാൻഡ് ഇന്ത്യയെ ഏഴ് വിക്കറ്റിന് തോൽപ്പിച്ചു. ഇതോടെ പരമ്പര 1-1 എന്ന നിലയിലായി. ന്യൂസിലാൻഡിനു വേണ്ടി ഡാരിൽ മിച്ചൽ - വിൽ യങ് സഖ്യം 162 റൺസ് നേടി. ഡാരിൽ മിച്ചലിനെ പ്ലെയർ ഓഫ് ദ മാച്ചായി തെരഞ്ഞെടുത്തു.

ഇന്ത്യക്കായി ഹർഷിദ് റാണ, കുൽദിപ് യാദവ്, പ്രസിദ് കൃഷ്ണ എന്നിവർ ഓരോ വിക്കറ്റ് നേടി. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 284 റൺസ് നേടി.

പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഞായറാഴ്ച ഇൻഡോറിലാണ്.

✪✪✪

ശബരിമലയിൽ ഇന്നലെ പതിനായിരങ്ങൾ മകരജ്യോതി കണ്ട് സായൂജ്യമടഞ്ഞു. പുല്ലുമേട്ടിൽ മകരജ്യോതി തൊഴുതത് 9217 ഭക്തരാണ്. വൈകിട്ട് 6.41 നാണ് പൊന്നമ്പലമേട്ടിൽ മകര ജ്യോതി ആദ്യം തെളിഞ്ഞത്. തുടർന്ന് രണ്ടുവട്ടം കൂടി ജ്യോതി തെളിഞ്ഞു. ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ ഭക്തരടക്കം ശരണ മന്ത്രങ്ങളോടെ ജ്യോതി ദർശിച്ചു.

സത്രം വഴി 1702 പേരും, വള്ളക്കടവ് വഴി 3408 പേരും, ശബരിമലയിൽ നിന്ന് പാണ്ടിത്താവളം വഴി 4107 പേരും പുല്ലുമേട്ടിലെത്തി.

അയ്യപ്പഭക്തരുടെ മടക്കയാത്രക്ക് KSRTC ആയിരം ബസുകൾ ഒരുക്കിയിരുന്നു. തീർത്ഥാടന കാലത്തിന് സമാപനം കുറിച്ച് ഈ മാസം 20ന് രാവിലെ ശബരിമല നട അടക്കും.

✪✪✪

കോഴിക്കോട് നഗരത്തിൽ രാത്രികളിൽ പെൺകുട്ടികളെ ചതിക്കുഴികളിൽപ്പെടുത്തുന്ന സംഘങ്ങളെ കുറിച്ച് സമഗ്രമായി അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K ബൈജുനാഥ് ഉത്തരവിട്ടു. നോർത്ത് സോൺ ഐ.ജിയും, നഗരസഭാ സെക്രട്ടറിയും ആക്ഷേപം സമഗ്രമായി പരിശോധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

സംസ്ഥാന യുവജന ക്ഷേമ ബോർഡും ജില്ലാ പഞ്ചായത്തും ചേർന്ന് സംഘടിപ്പിക്കുന്ന ജില്ലാ കേരളോത്സവത്തിന് കോഴിക്കോട്ട് തുടക്കമായി. ആദ്യ ദിനം പഞ്ചഗുസ്തി, ചെസ് മത്സരങ്ങളാണ് നടന്നത്.

വിജയികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ കൊട്ടാരത്തിൽ സർട്ടിഫിക്കറ്റുകളും മെഡലുകളും വിതരണം ചെയ്തു.

ഇന്ന് രാവിലെ ഷട്ടിൽ ബാഡ്മിൻറൺ യോഗ, കബഡി എന്നിവയും, വൈകിട്ട് മാനാഞ്ചിറ സ്ക്വയറിൽ കളരിപ്പയറ്റും നടത്തും.

✪✪✪

മത്സ്യബന്ധനത്തിനിടെ അപകടത്തിൽ മരണപ്പെട്ട പുതിയാപ്പയിലെ വാമനന്റെ കുടുംബത്തിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അടിയന്തര ധനസഹായം കൈമാറി. ചെയർമാൻ കൂട്ടായി ബഷീറാണ് ധനസഹായം കൈമാറിയത്.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs: ഹബീബ് റഹ്മാൻ, മണികണ്ഠൻ*
*DEO : സി കെ സുബോധ്*